**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4423** **10-08-2021 - ൽ മറുപടിയ്ക്ക്**

**തെങ്ങ് കൃഷി വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തെങ്ങ് കൃഷി വികസനത്തിന് വേണ്ടി സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | കേര കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും, കേരകൃഷിയിലൂടെ സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും കേര വികസന പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. കേര വികസന പദ്ധതിക്കൾക്കായി 7547 ലക്ഷം രൂപ 2021 -22 വർഷം വകയിരുത്തിയിട്ടുണ്ട്. നാളികേര കർഷകർക്കായി കേരഗ്രാമം പദ്ധതി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ 2014-15 വർഷം മുതൽ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. തേങ്ങയുടെ ഉൽപ്പാദനവും, ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രോഗം ബാധിച്ചതും, പ്രായം ചെന്നതുമായ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തൈകൾ നടുക, സംയോജിത കീട-രോഗ നിയന്ത്രണം, സംയോജിത വളപ്രയോഗം, ഇടവിള കൃഷി പ്രോത്സാഹിപ്പിക്കൽ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം, ഗുണമേന്മയുള്ള തൈകൾ കർഷകർക്ക് ലഭ്യമാക്കുക എന്നിവ ലക്ഷ്യമിട്ടുകൊണ്ട് 250 ഹെക്ടർ തുടർച്ചയായ തെങ്ങുകൃഷിയുള്ള പ്രദേശത്ത് കേരഗ്രാമപദ്ധതി നടപ്പിലാക്കി വരുന്നു. കേരഗ്രാമം നടപ്പിലാക്കുവാനായി 4856 ലക്ഷം രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് . ഉയരം കുറഞ്ഞ/കുറിയ ഇനം തെങ്ങുകളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിലേക്കായി ഇളനീരിനും കൊപ്രയ്ക്കും അനുയോജ്യമായ ഇനങ്ങൾ ശാസ്ത്രീയമായി കൃഷി ചെയ്യുന്നതിനും, മാതൃകാ ഫാമുകൾ 0.2 ഹെക്ടർ വീതമുള്ളത് സ്ഥാപിക്കുന്നതിനും പ്രവർത്തനങ്ങൾ നടത്തി വരുന്നു.ഇതിനായി 35 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് കേരകൃഷിയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെയുള്ള കാലഘട്ടത്തിലേക്ക് |

പ്രാവർത്തികമാക്കാനുള്ള വിവിധ ലക്ഷ്യങ്ങളോടെ നാളികേര വികസന കൗൺസിൽ സർക്കാർ രൂപീകരിച്ചിരിക്കുന്നത്. ഗുണമേന്മയുള്ള തെങ്ങിൻതൈകൾ വാർഡൊന്നിന് 75 എണ്ണം എന്ന നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള ഒരു ബൃഹത് പദ്ധതി 'കേരകേരളം സമൃദ്ധകേരളം' എന്ന പേരിൽ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 1014.5774 ലക്ഷം രൂപ ഇതിനായി മാത്രം വകയിരുത്തിയിട്ടുണ്ട്.കൂടാതെ വിത്ത് തേങ്ങാ സംഭരണവും, തെങ്ങിൻതൈ ഉല്പാദനവുമായി ബന്ധപ്പെട്ട് 1359 .1 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നാളികേര ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുന്ന കീടബാധ നിയന്ത്രിക്കുന്നതിന്, ക്യാമ്പയിൻ അടിസ്ഥാനത്തിൽ പ്രതിരോധ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനായി 2021-22 സാമ്പത്തിക വർഷം നാളികേര വികസന പദ്ധതിയിൻ കീഴിൽ ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങുകൾക്ക് കീടരോഗനിയന്ത്രണ പ്രവർത്തനങ്ങൾ എന്ന ഘടകത്തിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിൻപ്രകാരം കീടരോഗ സാന്നിദ്ധ്യത്തിന്റെ സ്ഥിതിവിവരക്കണക്കുകൾ അനുസരിച്ച്, സ്ഥിരമായി കീടരോഗാക്രമണം കൂടുതലുള്ള പ്രദേശങ്ങൾ (hotspots) കേന്ദ്രീകരിച്ച് തെങ്ങുകൾക്ക് ക്യാമ്പയിൻ അടിസ്ഥാനത്തിൽ കീടനിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഒരു ഹെക്ടറിന് മരുന്നുതളി കൂലിച്ചെലവും മരുന്നു വിലയും ചേർത്ത് തെങ്ങ് ഒന്നിന് 100/- രൂപ പ്രകാരം 17,500/- രൂപ ധനസഹായം നൽകുന്നു. ഈ വർഷം 270 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ട് 47.25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കീടരോഗാക്രമണം കൂടുതലുള്ള പ്രദേശങ്ങൾ കണ്ടുപിടിക്കുവാനും, തെരെഞ്ഞെടുക്കുവാനും, പ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുന്നതിനായി 10,000/- രൂപ നിരക്കിൽ 7 വർക്ക്ഷോപ്പുകൾക്കായി 0.7 ലക്ഷം രൂപ വകയിരിത്തിയിരിക്കുന്നു. കൂടാതെ മരുന്നുതളി ഉൾപ്പെടെയുള്ള കീടരോഗ നിയന്ത്രണമാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനും തെരഞ്ഞെടുത്ത പ്ലാന്റ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾക്ക് പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിന് ഒരു പരിശീലനത്തിന് 25,000/- രൂപ വീതം 7 പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് 1.75 ലക്ഷം രൂപയും ഓരോ പരിപാടിയുടെയും ഡോക്യുമെന്റേഷൻ, മറ്റ് ചിലവുകൾ എന്നിവയ്ക്കായി 30,000/- രൂപയും പദ്ധതി പ്രകാരം നീക്കി വച്ചിട്ടുണ്ട്. ടി പദ്ധതികൾ

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് നടപ്പിലാക്കുന്നത്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ മേഖലയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; | (ബി) | മൂല്യ വർദ്ധിത ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിച്ചുകൊണ്ട് നാളികേര കൃഷി ലാഭകരമാക്കുന്നതിന് ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം (SFAC) കേരളയുടെ നേതൃത്വത്തിൽ കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി പ്രകാരം നാളികേര ഉല്പന്നങ്ങൾക്ക് മൂല്യവർധന നടത്തുന്നതിനായി സഹായം നൽകിയിട്ടുണ്ട്. വെർജിൻ കോക്കനട്ട് ഓയിൽ, തേങ്ങാപ്പാൽ, ഡെസിക്കേറ്റഡ് കോക്കനട്ട് പൌഡർ, ബേബി ഓയിൽ, തുടങ്ങിയ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് സബ്സിഡിയായി 1,76,31,435/- (ഒരു കോടി ഏഴുപത്തിയാറു ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി നാന്നൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) രൂപ നൽകിയിട്ടുണ്ട്. ബഹു. മുഖ്യ മന്ത്രിയുടെ നൂറു ദിന പരിപാടിയിൽ 25 FPO കൾ രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. FPO കൾ രൂപീകരിക്കുന്നതോടെ വിളകളുടെ സംഭരണം, സംസ്കരണം, മൂല്യ വർദ്ധനവ് തുടങ്ങിയ മേഖലകളിൽ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സാധിക്കുന്നതാണ്. നാളികേരം അടിസ്ഥാനമാക്കിയുള്ള FPO കളും ഇതിൽ ഉൾപെടും. കേരളത്തിൽ KIIFB യുടെ ധനസഹായത്തോടെ രണ്ടു നാളികേര അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കോഴിക്കോട് ജില്ലയിൽ വേങ്ങേരിയിലും കുത്താളിയിലും 20 കോടി രൂപ വീതം നൽകി സ്ഥാപിക്കുന്നതിനുള്ള നാളികേര അഗ്രോ പാർക്കിന്റെ DPR, KIIFB ക്ക് KAICO നൽകിയിട്ടുണ്ട്. KIIFB യുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. നാളികേരത്തിന്റെ മൂല്യ വർധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി കേരള സംസ്ഥാന നാളികേര വികസന കോർപറേഷന് 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വെളിച്ചെണ്ണ, നീര തുടങ്ങിയ ഉത്പന്നങ്ങൾ ടി കോർപ്പറേഷൻ ഉത്പാദിപ്പിച്ചു വിതരണം നടത്തി വരുന്നു. |
| (സി) | തെങ്ങിന്റെ കീടബാധ തടയാൻ ആവശ്യമായ പ്രതിരോധ പ്രവത്തനങ്ങൾക്കായി പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (സി) | നാളികേര ഉത്പാദനത്തെ പ്രതികൂലമായി ബാധിക്കുന്ന കീടബാധ നിയന്ത്രിക്കുന്നതിന്, ക്യാമ്പയിൻ അടിസ്ഥാനത്തിൽ പ്രതിരോധ മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനായി 2021-22 സാമ്പത്തിക വർഷം നാളികേര വികസന പദ്ധതിയിൻ കീഴിൽ ക്യാമ്പയിൻ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | തെങ്ങുകൾക്ക് കീടരോഗനിയന്ത്രണ പ്രവർത്തനങ്ങൾ എന്ന ഘടകത്തിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. അതിൻപ്രകാരം കീടരോഗ സാന്നിദ്ധ്യത്തിന്റെ സ്ഥിതിവിവരക്കണക്കുകൾ അനുസരിച്ച്, സ്ഥിരമായി കീടരോഗാക്രമണം കൂടുതലുള്ള പ്രദേശങ്ങൾ (hotspots) കേന്ദ്രീകരിച്ച് തെങ്ങുകൾക്ക് ക്യാമ്പയിൻ അടിസ്ഥാനത്തിൽ കീടനിയന്ത്രണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഒരു ഹെക്ടറിന് മരുന്നുതളി കൂലിച്ചെലവും മരുന്നു വിലയും ചേർത്ത് തെങ്ങ് ഒന്നിന് 100/- രൂപ പ്രകാരം 17,500/- രൂപ ധനസഹായം നൽകുന്നു. ഈ വർഷം 270 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിട്ട് 47.25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കീടരോഗാക്രമണം കൂടുതലുള്ള പ്രദേശങ്ങൾ കണ്ടുപിടിക്കുവാനും, തെരെഞ്ഞെടുക്കുവാനും, പ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ച് ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി വർക്ക് ഷോപ്പുകൾ സംഘടിപ്പിക്കുന്നതിനായി 10,000/- രൂപ നിരക്കിൽ 7 വർക്ക്ഷോപ്പുകൾക്കായി 0.7 ലക്ഷം രൂപ വകയിരിത്തിയിരിക്കുന്നു. കൂടാതെ മരുന്നുതളി ഉൾപ്പെടെയുള്ള കീടരോഗ നിയന്ത്രണമാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിനും തെരഞ്ഞെടുത്ത പ്ലാന്റ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾക്ക് പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതിന് ഒരു പരിശീലനത്തിന് 25,000/- രൂപ വീതം 7 പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിന് 1.75 ലക്ഷം രൂപയും ഓരോ പരിപാടിയുടെയും ഡോക്യുമെന്റേഷൻ, മറ്റ് ചിലവുകൾ എന്നിവയ്ക്കായി 30,000/- രൂപയും പദ്ധതി പ്രകാരം നീക്കി വച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ